പുതുപ്പള്ളി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

91 (2003) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി പഞ്ചായത്തിന് വേണ്ടി മീനച്ചലാറ്റിൽ നിന്നും വെള്ളം എടുത്തു ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഈ സ്കീം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിന് ആവശ്യമായ സ്ഥലം മുഴുവനും പഞ്ചായത്തിൽ നിന്നും വിട്ടുകിട്ടിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എത്രയും വേഗം സ്ഥലം ലഭ്യമാക്കുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ പേരൂർ നിന്നുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പണി 70 ശതമാനം പൂർത്തിയായി. പമ്പിന്റെയും വിതരണ ശൃംഖലയുടെയും പണികൾ പുരോഗമിച്ചു വരുന്നു.

(ബി) 2001 മാർച്ചു മാസത്തോടുകൂടി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) ആവശ്യമായ സ്ഥലം കിട്ടിയിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു വേണ്ട ബാക്കി പണികൾ പുരോഗമിച്ചു വരുന്നു.

പാലം നന്നാക്കുവാൻ നടപടി

92 (2004) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടത്തെ ശ്രീകാര്യം പഞ്ചായത്തിൽപ്പെട്ട കേരളാധിത്യപുരം പൗഡിക്കോണം റോഡിൽ ആമയിഴഞ്ചാൻ തോടിനു കുറുകെയുള്ള പാലത്തിനു ഇക്കഴിഞ്ഞ മഴക്കെടുതിയിൽ സാരമായ തകരാറുകൾ സംഭവിക്കുകയും പാലത്തിന്റെ ഇരുഭാഗത്തുമുള്ള കരിങ്കൽ ഭിത്തികൾ തകർന്നുപോകുകയും, അപ്രോച്ച് റോഡ് ഒലിച്ചുപോകുകയും ചെയ്ത വിവരം ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നാട്ടുകാരുടെ ഗതാഗതത്തിന് ഏക ആശ്രയമായ ഈ പാലം അടിയന്തിരമായി നന്നാക്കുവാനും സൈഡ് വാൾ നിർമ്മിച്ചു അപകടാവസ്ഥ ദൂരീകരിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തോടിന്റെ തകർന്നുപോയ കരിങ്കൽ ഭിത്തി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly